# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 1382. 22..3..2013-ൽ മറുപടിക്ക്

## പാൽ ക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം. | ശ്രീ. കെ.സി. ജോസഫ്. (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പാൽ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രതിമാസം സംസ്ഥാനത്തെ ഉപയോഗത്തിനായി ആവശ്യം വേണ്ട പാൽ എത്ര ലിറ്ററാണ്;

(ബി) 2550 ലക്ഷം ലിറ്റർ പാലാണ് സംസ്ഥാനത്തെ ഉപയോഗത്തിനായി ആവശ്യം വേണ്ടത്. (85 ലക്ഷം ലിറ്റർ/ദിവസം.)

(സി) പാലിന്റെ ആഭ്യന്തര ഉൽപ്പാദനവും ഉപയോഗവും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് വിശദമാക്കുമോ; ഇതു സംബന്ധിച്ച കഴിഞ്ഞ പത്തു വർഷത്തെ കണക്ക് ലഭ്യമാക്കുമോ;

(സി) പാലിന്റെ ആഭ്യന്തര ഉല്പാദനവും ഉപയോഗവും തമ്മിലുള്ള പ്രതിദിന വ്യത്യാസം 4.46 ലക്ഷം ലിറ്റർ ആണ്. (133.8 ലക്ഷം/മാസം) പാലിന്റെ ആഭ്യന്തര ഉല്പാദനം സംബന്ധിച്ച കഴിഞ്ഞ പത്തു വർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പാലുല്പാദനം ലക്ഷം/ടണ്ണിൽ |
|---|---|---|
| 1. | 2003-04 | 21.11 |
| 2. | 2004-05 | 20.25 |
| 3. | 2005-06 | 20.63 |
| 4. | 2006-07 | 21.19 |
| 5. | 2007-08 | 22.47 |
| 6. | 2008-09 | 24.51 |
| 7. | 2009-10 | 25.37 |
| 8. | 2010-11 | 26.43 |
| 9. | 2011-12 | 29.40 |
| 10. | 2012-13 | 30.50 (approximate) |

| | | | |
|---|---|---|---|
| (ഡി) | എത്ര ലിറ്റർ പാലാണ് മറ്റു സംസ്ഥാനത്തു നിന്നും എത്തിക്കുന്നത്? | (ഡി) | പ്രതിദിനം 4 മുതൽ 5 ലക്ഷം ലിറ്റർ പാൽ, അന്യസംസ്ഥാനത്തു നിന്ന് കേരളത്തിലെത്തിച്ചേരുന്നതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ